കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

## e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.8/1659/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in,

Phone:04972707698

തീയ്യതി: 10.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. /കെ.എൻ.ആർ./സി.8/1659/2017 തിയ്യതി: 10.10.2017

**കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് മുതൽ 8.11.2016 മുതൽ 15.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണംപിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.അശോകൻ മഠത്തിൽ<br>ഡെപ്യൂട്ടിഡയറക്ടർ |
| | ശ്രീ.ജോൺ മനോഹർ<br>ഡെപ്യൂട്ടിഡയറക്ടർ (24.08.2017 മുതൽ) |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 16.8.2017മുതൽ<br>26.8.2017വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രമേശൻ കരോത്ത് | അസിസ്റ്റന്റ് |

| | | |
|---|---|---|
| | | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്രീജ.കെ | ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.കാട്ടൂർ മുഹമ്മദ് | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.സജിത്ത്കുമാർ .എം.കെ<br>(അസിസ്റ്റന്റ് സെക്രട്ടറി) അധികചുമതല | 1.4.2016 മുതൽ 31.12.2016 വരെ |
| | ശ്രീ.ടി.പി. മുസ്തഫ | 1.1.2017 മുതൽ 31.3.2017 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.പ്രമോദ്.എൻ.കെ | 1.4.2016മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബിജീഷ്.എൻ.കെ | 1.4.2016മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സി.ആർ.അനിൽരാജ് . | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. സീനത്ത് കുഞ്ഞമ്മദ് | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദം | ഡോ.മൃദുല | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ<br>ഹോമിയോ | ഡോ.ദീപ | 1.4.2016മുതൽ 31.3.2017വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സജിത്ത്കുമാർ.എം.കെ | 1.4.2016മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.രാജീവൻ.ടി | 1.4.2016മുതൽ 31.3.2017വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.സീത.ടി | 1.4.2016മുതൽ 31.3.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| | ഭാഗം-II വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല | 2-1 |
| 13 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-2 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 15 | സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു. | 2-4 |

| | | |
|---|---|---|
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – കാലോചിതമായി പരിഷ്കരിക്കുന്നില്ല. | 2-5 |
| 17 | ഡി & ഒ ലൈസൻസ് -അപേക്ഷകൾ അപൂർണ്ണം | 2-6 |
| 18 | പരസ്യനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-7 |
| 19 | ഇ-ടെണ്ടർ: ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടില്ല | 2-8 |
| 20 | ഭാഗം-III<br>ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | പട്ടിക വർഗ്ഗ യുവജനങ്ങൾക്ക് സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങൽ- പ്രൊജക്ടിലുൾപ്പെടാത്ത 150000 അധികം പിൻവലിച്ചു | 3-1 |
| 22 | ഗവ:ഹോമിയോ ഡിസ്പെൻസറി കാഷ്വൽ സ്വീപ്പർക്ക് വേതനം നൽകൽ | 3-2 |
| 23 | ഓണം മുൻകൂർ -തുക തിരിച്ചടക്കാത്തത് സംബന്ധിച്ച്. | 3-3 |
| 24 | തെങ്ങ് കൃഷി വികസനം --അധികം നൽകിയ സബ്സിഡി ₹31250 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-4 |
| 25 | ഇടവിള കൃഷി വികസന പദ്ധതി -- വിത്തുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വിവരം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക ₹864000 തടസ്സപ്പെടുത്തുന്നു | 3-5 |
| 26 | വാഴക്കന്ന് വിതരണം --പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ. | 3-6 |
| 27 | മുട്ടക്കോഴിവിലയോടൊപ്പം നികുതിയുംകൂടി നൽകിയത് അംഗീകരിക്കുന്നില്ല, ₹ 78,300 നിരാകരിക്കുന്നു | 3-7 |
| 28 | റിംഗ് കമ്പോസ്റ്റ്- ലഭിക്കാത്ത എണ്ണത്തിനും കൂടി തുക നൽകിയത് - ₹ 7,500 നിരാകരിയ്ക്കുന്നു | 3-8 |
| 29 | ഗാർഹിക ബയോഗ്യാസ് പ്ലാന്റിന് അനുവദനീയമായ സബ്സിഡിയിൽ അധികം നൽകിയത്-ക്രമീകരിക്കേണ്ടത് | 3-9 |
| 30 | കക്കൂസ് നിർമ്മാണം - തനത് ഫണ്ടിൽ നിന്നും നൽകിയ തുകമുഴുവനായും റീക്കൂപ്പ് ചെയ്തിട്ടില്ല . | 3-10 |
| 31 | ഭവനപദ്ധതി പൂർത്തീകരിച്ചില്ല | 3-11 |
| 32 | മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷനിൽ നിന്നും ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല . | 3-12 |
| 33 | ബിൽ തുകയിലും അധികം തുക നൽകി - ചെലവ് തുക ₹508 നിരാകരിക്കുന്നു | 3-13 |

| | | |
|---|---|---|
| 34 | റെക്കാർഡ് റൂമിലേക്ക് ഫർണിച്ചർ വാങ്ങൽ - ചെലവ് തുക ₹7,74,021 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-14 |
| 35 | നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 3-15 |
| 36 | ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ - അപാകങ്ങൾ | 3-16 |
| 37 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി രേഖകൾ ഹാജരാക്കാത്തത് | 3-17 |
| 38 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | 3-18 |
| 39 | തുക മുൻകൂർ നൽകി - നാളിതുവരെയും മരുന്ന് ലഭ്യമായില്ല | 3-19 |
| 40 | ഒഴിഞ്ഞ ബാരൽ വില ഒടുക്കുന്നത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-20 |
| 41 | സേവനനികുതി ഈടാക്കാത്തത് | 3-21 |
| | ഭാഗം-IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 42 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 45 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 50 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 51 | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| 52 | അനുബന്ധം -2 (റസീറ്റ് & പേയ്മെന്റ്) | |
| 53 | അനുബന്ധം -3 (ഇൻകം & എക്സ്പെൻഡിച്ചർ) | |
| 54 | അനുബന്ധം -4 (ബാലൻസ് ഷീറ്റ്) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 26.2.2016 തീയതിയിലെ 18/2016 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 22,35,186.00 | 1,04,56,712.00 |
| വരവ് | 8,89,54,000.00 | 4,61,27,818.00 |
| ആകെ | 9,11,89,186.00 | 5,65,84,530.00 |
| ചെലവ് | 8,87,84,500.00 | 4,19,97,989.00 |
| നീക്കിയിരിപ്പ് | 24,04,686.00 | 1,45,86,541.00 |

ബജറ്റ് , ഡി ബി ടി വഴി മാറിയ പെൻഷൻ, എം എൻ ആർ ഇ ജി എസ് (ഇ എഫ് എം എസ് ) എന്നിവ ഉൾപ്പെടെ ആയതിനാലും, എന്നാൽ റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവ് ഇവ ഒഴികെ ആയതിനാലും ബജറ്റും , വാർഷിക ധനകാര്യപത്രികയുമായി താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 11.7.2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന്കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് തരം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2016-17 | 26.8.2017 | വിശേഷണങ്ങളോട് കൂടിയത് | ഇതേ റിപ്പോർട്ട് നം തീയതി |

വാർഷീക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ

1 ) സഞ്ചയ സാംഖ്യ ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ വസ്തുനികുതി ഡി.സി.ബി സംക്ഷിപ്ത പ്രകാരമുള്ള വരവും വാർഷിക ധനകാര്യ പത്രികയിലെ വരവുമായി പൊരുത്തപ്പെടുന്നില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബി.11 ഷെഡ്യൂളിലെ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) 2015-16 ധനകാര്യ പത്രികയിലെ ബി 15 ഷെഡ്യൂളിലെ വസ്തുനികുതി കുടിശ്ശികയും 2016-17 R 43 ലെ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചില്ല. ആയതിനാൽ ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടന്നിട്ടുണ്ടോ എന്ന്

പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5) നിർവഹണ ഉദ്യോഗസ്ഥർ ബില്ലുകളിൽ നിന്നു ഈടാക്കുന്ന നികുതികളുടെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുന്നില്ല.

6) ലൈബ്രറി സെസ്സ് ഇനത്തിൽ ഈടാക്കിയ തുക കൃത്യമായി ലൈബ്രറി കൗൺസിലേക്ക് ഒടുക്കുന്നില്ല. സാമ്പത്തിക വർഷം രണ്ടു ഗഡുക്കളായി ഒടുക്കേണ്ട സെസ്സ് ഒറ്റ ഗഡുവായി ഡിസംബറിൽ മാത്രമാണ് ഒടുക്കിയത്.

7) നിർവഹണ ഉദ്യോഗസ്ഥർ വ്യക്തിഗത ഗുണഭോക്താക്കൾക്കായി മാറുന്ന അലോട്ട്മെന്റുകൾ ഗുണഭോക്താക്കൾക്ക് നൽകാനായി ബ്രിഡ്ജ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത അക്കൗണ്ടിൽ സാമ്പത്തിക വർഷാവസാനം വിതരണം ചെയ്യാതെ തുക നീക്കിയിരിപ്പുണ്ട്. ഉദാ: അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ 30-06-2017 ൽ 2016-17 സാമ്പത്തിക വർഷം പിൻവലിച്ച ₹4,00,327 നീക്കിയിരിപ്പുണ്ട്.
8.RP-10 പ്രകാരം ചാർജ് സർട്ടിഫിക്കറ്റിൻ മേൽ 19679 രൂപ ഓഡിറ്റ് റിക്കവറി ഈടാക്കിയട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 4-6-ൽ 18297-യുടെ വിവരങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

## 1-4 സാമ്പത്തികവിശകലനം

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,04,56,712.00 |
| വരവ് | 4,61,27,818.00 |
| ആകെ | 5,65,84,530.00 |
| ചെലവ് | 4,19,97,989.00 |
| നീക്കിയിരിപ്പ് | 1,45,86,541.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് | ആകെ തുക | ചെലവ് തുക | ലാപ്സായ തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,13,65,505 | 1,13,65,505 | 1,12,35,412 | 1,30,093 | | 98.85 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10,64,007 | 10,64,007 | 10,64,007 | ഇല്ല | | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 7,84,392 | 7,84,392 | 7,84,392 | ഇല്ല | | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 42,53,886 | 42,53,886 | 42,38,613 | 15,273 | | 99.64 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 35,45,823 | 35,45,823 | 21,16,144 | 14,29,679 | | 59.67 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 63,73,877 | 63,73,877 | 33,26,772 | 30,47,105 | | 52.19 |
| ലോകബാങ്ക് സഹായം | 0 | 33,39,677 | 33,39,677 | 17,86,776 | 15,52,901 | | 53.50 |
| മഹാത്മാഗാന്ധി | 710 | 64,60,440 | 64,61,150 | 64,60,378 | | 772 | 99.99 |

| | | | | | | | |
|---|---|---|---|---|---|---|---|
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | | | | | | |
| ബിഫണ്ട് | | 2,73,01,149 | 2,73,01,149 | 2,73,01,149 | | | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 141 | 4,48,06,028 | 103 | ഇല്ല | 2,94,34,130 | 38 | 73.04 |

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 26 | 18 | 59,20,749 | 37,31,109 | 63.01 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 70 | 41 | 1,97,22,346 | 1,05,40,224 | 53.44 |
| 3 | കൃഷി ഓഫീസർ | 5 | 5 | 23,30,772 | 22,57,272 | 96.84 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 6 | 51,97,100 | 27,04,100 | 52.03 |

| | | | | | | |
|---|---|---|---|---|---|---|
| 5 | വെറ്ററിനറി സർജ്ജൻ | 5 | 5 | 31,48,300 | 22,10,800 | 70.22 |
| 6 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 4 | 4 | 10,97,000 | 10,80,306 | 98.47 |
| 7 | മെഡിക്കൽ ഓഫീസർ ആയ്യൂർവേദം | 2 | 2 | 3,75,093 | 3,36,438 | 89.69 |
| 8 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 1,25,000 | 1,25,000 | 100 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 16 | 26,34,077 | 26,33,486 | 99.97 |
| 10 | ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 5 | 42,55,591 | 38,15,395 | 89.65 |
| | ആകെ | 141 | 103 | 4,48,06,028 | 2,94,34,130 | 65.69 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 78.03 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3293783 | 6206751 | 2912968 | (+)88.43 |
| നികുതിയേതര വരവുകൾ | 851748 | 1173556 | 321808 | (+)37.78 |
| ആകെ | 4145531 | 7380307 | 3234776 | 78.03 |

ഗ്രാമപഞ്ചായത്തിന് തൻവർഷം 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാനായിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91,080 | 51 |
| കർഷകതൊഴിലാളി പെൻഷൻ | 2,011,300 | 203 |
| വിധവാപെൻഷൻ | 1,35,02,960 | 1054 |
| വാർദ്ധക്യകാലപെൻഷൻ | 2,14,39,680 | 1726 |
| വികലാംഗപെൻഷൻ | 32,68,700 | 315 |
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 13,00,220 | 114 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 3,30,000 | 11 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.6.2017 | 1.4.2017 മുതൽ31.7.2017 വരെ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.9.2005 | 1997-98 മുതൽ 2004-05 വരെ | 30.9.2005 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.8.2017 തീയതിയിൽ അപരാഹ്നം 2.40 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ₹ 11,578 നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും 2പ്രത്യേക ഗ്രാമസഭ ഉൾപ്പെടെ 5 തവണ വീതം ഗ്രാമസഭകൾ വിളിച്ചുചേർത്തിട്ടുണ്ട്. ക്വാറം തികയാനുള്ള ജനപങ്കാളിത്തം മാത്രമാണ് ഗ്രാമസഭയിലുള്ളത് ഗ്രാമസഭകളിൽ പ്രധാനമായും പദ്ധതി ആസൂത്രണം, ഗുണഭോക്തൃതെരഞ്ഞെടുപ്പ്, തൊഴിലുറപ്പ് പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ്, എന്നിവ മാത്രമാണ് പ്രധാന ചർച്ചാവിഷയിട്ടുള്ളത്. മററു വിഷയങ്ങളിൽ കാര്യമായ ചർച്ചകളൊന്നും ഉണ്ടായിട്ടില്ല. ഓരോ തലത്തിലെയും പെൻഷൻ സംബന്ധിച്ച് വ്യാപകമായ പ്രചരണം ഗ്രാമസഭാതലത്തിൽ നടത്തേണ്ടതും പെൻഷനുകൾക്ക് വേണ്ടി ലഭിച്ച അപേക്ഷകൾ അർഹത നിശ്ചയിക്കുന്നതിന് അവലംബിച്ച മാനദണ്ഡങ്ങൾ, അനുവദിക്കപ്പെട്ട,തിരസ്കരിച്ച അപേക്ഷകൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 3-8-2004 ലെ സർക്കുലർ നമ്പർ 22675/എൽ.3/99 ലെ 17-)o നമ്പർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ചചെയ്യപ്പെടേണ്ടതാണെങ്കിലും ആയത് ചർച്ചചെയ്യിട്ടില്ലെന്ന് മിനുട്സുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഭരണനിർവ്വഹണത്തിന്റെ അടിത്തറയായ ഗ്രാമസഭ കൂടുതൽശക്തവും സജീവവുമാക്കാനും കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല

2016-17കാലയളവിലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ വാണിജ്യാവശ്യങ്ങൾക്കായി ഡി & ഒ ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങളിൽ ക്രമ നമ്പർ 1 മുതൽ 5വരെയുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിൽ വസ്തുനികുതി നിർണ്ണയിക്കുകയും ക്രമ നമ്പർ 6പ്രകാരമുള്ള കെട്ടിടത്തിനെ ആരാധനാലയം എന്നതരത്തിൽ നികുതിനിർണയിച്ച് വസ്തുനികുതിയിൽ ഇളവ്

നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | വാണിജ്യാവശ്യം |
|---|---|---|---|
| 1 | 2/304<br>2/305 | പ്രജീഷ് പി എ | അനാദി കച്ചവടം |
| 2 | 1/165 | ബാലൻ പറമ്പഞ്ചേരി | അനാദി കച്ചവടം |
| 3 | 12/152 | ചന്ദ്രൻ കുന്നത് | അനാദി കച്ചവടം |
| 4 | 2/113 | വിനീഷ് എം | ലഭ്യമല്ല |
| 5 | 6/87 | വടക്കയിൽ പോത്തേരി ബാലൻ | സോഫ, കിടക്ക നിർമ്മിച്ച് വില്പന |
| 6 | 11/319 | മൊയ്ദു ടി | അനാദി കച്ചവടം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 2,3,4, കെട്ടിടങ്ങൾ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിട നമ്പർ മാറിയതാണെന്നും ക്രമ നമ്പർ 1ൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് വാണിജ്യാവശത്തിനെന്നതരത്തിൽ നികുതി പുനർനിർണയിക്കുന്നതാണെന്നും ക്രമ നമ്പർ 5,6 കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റുന്നതുവരെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണയിച്ച് കുടിശ്ശികയുൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുമ്പോൾ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി നിർണയിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-2 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

സർക്കുലർ നമ്പർ 49590/ആർ.സി2/2011 തസ്വഭവ 12-04-2012 പ്രകാരം അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് 14-01-2011 മുതൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും ചട്ടങ്ങൾ) വസ്തുനികുതി ചട്ടങ്ങൾ ബാധകമാമെന്നും ആയതിനനുസൃതമായി നികുതി ചുമത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൽ ഇസ്

ലാഹ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഇന്റർ നാഷണൽ ഇന്ത്യൻ സ്കൂൾ എന്നീ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളുടെ വസ്തുനികുതി കുടിശ്ശികയുൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയില്ല

കടവത്തൂർ, ബി എസ് എൻ എൽ ഓഫീസിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല എന്നും ചട്ടം 5(1)പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിനുമുമ്പായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2016-17 കാലയളവിൽ ഇവ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.ആയതിനാൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചിരുന്ന മുഴുവൻ സ്ഥാപനങ്ങൾക്കുമെതിരെ 1997 ലെ കേരള പഞ്ചായത്ത് രാജ്) (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പിഴശിക്ഷ നടപ്പാക്കാവുന്നതാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് വാടക - കാലോചിതമായി പരിഷ്കരിക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 11 മുറികൾ വാടക്കു നൽകുന്നുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 11 മുറികളും വർഷങ്ങളായി മുൻവാടകക്കാർക്ക് തന്നെ ലേലം കൂടാതെ വർഷാവർഷം 5% വാടക വർദ്ധനവ് വരുത്തിയാണ് നൽകുന്നത് . പഞ്ചായത്തിൽ നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ പ്രകാരം മുറികൾ കൈവശം വയ്ക്കാനുള്ള അവകാശം വർഷാവർഷമോ അഥവാ പരമാവധി 3 വർഷത്തിൽ കവിയാത്ത കാലത്തേക്കോ മാർച്ച് മാസം 31 ന് അവസാനിക്കും വിധം പരസ്യലേലം മുഖേന ഉറപ്പിക്കുന്ന വാടകയുടെ അടിസ്ഥാനത്തിലായിരിക്കും നൽകുന്നതെന്നും പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്നു തോന്നുന്ന അധിക വാടക നിശ്ചയിച്ച് വീണ്ടും മുൻ വാടകക്കാരന് തന്നെ ലേലം കൂടാതെ മുറി വാടകയ്ക്ക് നൽകാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളില്ലാതെയാണ് ഇപ്രകാരം വർഷങ്ങളായി മുൻവാടകക്കാർക്ക് വാടയ്ക്ക് നല്കുന്നത് . 1987 ൽ ഷോപ്പിംഗ് കോംപ്ലക്സ് നിലവിൽ വന്നതുമുതൽ ഈടാക്കിയ വാടകയുടെ അടിസ്ഥാനത്തിലാണ് ഓരോ വർഷവും 5%

വർദ്ധനവ് കണക്കാക്കിയിട്ടുള്ളത്. വാടക വർദ്ധനവ് കാലോചിതമായി പരിഷ്കരിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനത് ഫണ്ട് സമാഹരണം മെച്ചപ്പെടുത്തുന്നതിനായി വാടക കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് -അപേക്ഷകൾ അപൂർണ്ണം

2016-17 വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും അപേക്ഷയുടെ ആവശ്യം, ഒരു ദിവസത്തെ വിറ്റുവരവ്,അപേക്ഷ സമർപ്പിച്ച തീയതി,അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, അപേക്ഷയിൻ മേലുള്ള സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് പുതുക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ചന്ദ്രൻ എൻ കെ, സ്റ്റേഷനറി കച്ചവടം, കെട്ടിട നമ്പർ 16/214

2. കെ പി ശ്രീധരൻ ,ബാർബർ ഷോപ്പ്, കെട്ടിട നമ്പർ 10/266

3. മൂസ പരപ്പനങ്ങാട് , സ്റ്റേഷനറി കച്ചവടം ,കെട്ടിട നമ്പർ 10/94
4. കുമാരൻ കിഴക്കേന്റവിട, ഹോട്ടൽ,കെട്ടിട നമ്പർ 10/1A

ലൈസൻസ് പുതുക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-7 പരസ്യനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഒരു ഗ്രാമപ്രദേശത്തെ ഏതെങ്കിലും ഭൂമിയിലെയോ, കെട്ടിടത്തിലെയോ ചുവരിന്മേലോ, പരസ്യപ്പലകയിന്മേലോ, എടുപ്പിൻമേലോ അല്ലെങ്കിൽ അതിനുമുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യനികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെയും പരസ്യനികുതി ചുമത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല.പഞ്ചായത്തിന്റെ നിലവിലുള്ള തനതുവരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് പരസ്യനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-8 ഇ-ടെണ്ടർ: ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

2016-17 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെഅക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിലേക്ക് ക്രഡിറ്റ്ചെയ്തിട്ടില്ല . വിശദവിവരംതാഴെ പറയുന്നു

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ |
|---|---|---|

| | | |
|---|---|---|
| 1 | പൊയിലൂർ ഈസ്റ്റ് എൽ പി സ്കൂൾ അമ്പലംകോട് റോഡ് റീടാറിംഗ് | ₹ 2,940 |
| 2 | പുനത്തുമ്മൽ പീടികകുഞ്ഞിപ്പറമ്പത്ത് മുക്ക് റോഡ് റീടാറിംഗ് | ₹ 2,520 |
| 3 | പഞ്ചായത്ത് ഓഫീസ് മുൻഭാഗം മോഡിഫിക്കേഷൻ പ്രവൃത്തികൾ | ₹ 5,100 |
| ആകെ | | ₹ 10,560 |

ഇ ടെണ്ടർ ഫീ വില 10,500 രൂപ ഗ്രാമപഞ്ചായത്തിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പട്ടിക വർഗ്ഗ യുവജനങ്ങൾക്ക് സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങൽ– പ്രൊജക്ടിലുൾപ്പെടാത്ത ₹ 150000 അധികം പിൻവലിച്ചു - തുക നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നമ്പർ : 74/17

പ്രൊജക്ടിന്റെ പേര് : പട്ടിക വർഗ്ഗ യുവജനങ്ങൾക്ക് സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങൽ

അടങ്കൽ തുക : ₹200000വികസന ഫണ്ട് (ടി എസ് പി)

: ₹500000 മറ്റുള്ളവ
ആകെഃ ₹ 700000

ചെലവ് : ₹350,000 വികസന ഫണ്ട് (ടി എസ് പി)

: ₹500000 മറ്റുള്ളവ
ആകെഃ ₹ 850000

ബിൽ നമ്പർ/തീയ്യതി : 3/17- 21/3/17-₹150000

6/17-21/3/17- ₹150000

15/17-30/3/17-₹50000

സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട 4 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ഓരോ ഗുണഭോക്താവിനും ₹50000 എന്ന നിരക്കിൽ ₹200000 വികസന ഫണ്ട് (ടി എസ് പി) യിൽ നിന്നും ബാങ്കിലേക്ക് ബാക്ക് എന്റ് സബ്സിഡി നൽകുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയത് .എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രഷറി ബിൽ ബുക്ക് പ്രകാരം ₹350,000 ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട് . പ്രൊജക്ടിലുൾപ്പെടാത്ത 150000 യുടെ ചെലവ് സംബന്ധിച്ച് 23/8/2017ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബിൽ ബുക്ക് പ്രകാരം മേൽ പ്രൊജക്ടിനായി ട്രഷറിയിൽ സമർപ്പിച്ച മൂന്ന് ബില്ലുകളിലായി ₹350,000 കേരള ഗ്രാമീൺ ബാങ്ക് മാനേജരുടെ(കല്ലിക്കണ്ടി ബ്രാഞ്ച്) അക്കൗണ്ടിലേക്ക് A/C NO. 40446101305014 ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും അധികമായി പിൻവലിച്ച ₹150000 ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിലേക്ക് വരവ് വച്ചിട്ടുണ്ടെന്നും ആയത് ബാങ്കിൽ നിന്നും പിൻവലിച്ച് വികസനഫണ്ടിലേക്ക് (TSP) തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ തുക നാളിതുവരെ (11.9.2017) തിരിച്ചടച്ചിട്ടില്ല. 2016-17 വർഷം വികസന ഫണ്ട് (ടി എസ് പി) ഇനമായി ₹ 784392 യാണ് മൂന്ന് ഗഡുക്കളായി പഞ്ചായത്തിന് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളത് (DF(TSP)-1/16-17 തീയതി 12/8/16- ₹261464, DF(TSP)-2/16-17 തീയതി 12/8/16- ₹261464, DF(TSP)-3/16-17 തീയതി 16/3/17- ₹261464, ) പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ടി തുകയ്ക്കുള്ള പ്രൊജക്ട് തയ്യാറാക്കുകയും തുക മുഴുവനായി ചെലവഴിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്രഷറിയിൽ നിന്നും 934392രൂ ടി എസ് പി ഫണ്ടിൽ നിന്നും പിൻവലിച്ചതായി കാണുന്നു. അലോട്ട്മെന്റില്ലാതെ ₹150000 അധികമായി പിൻവലിച്ചത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. കൂടാതെ അധികം പിൻവലിച്ച തുക പിൻവലിച്ച തീയ്യതി മുതൽ 18% പലിശ കൂടി കണക്കാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-2 ഗവ:ഹോമിയോ ഡിസ്പെൻസറി കാഷ്വൽ സ്വീപ്പർക്ക് വേതനം നൽകൽ

പഞ്ചായത്തിൽ പുതുതായി പ്രവർത്തനമാരംഭിച്ച (2013 ൽ ) ഗവ: ഹോമിയോ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക അനുവദിച്ച് കിട്ടാത്തതിനാൽ മെഡിക്കൽ ഓഫീസറുടെ കത്ത് പരിഗണിച്ച് ഡിസ്പെൻസറി വൃത്തിയാക്കുന്നതിന് ₹130 ദിവസവേതനാടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറെ നിയമിക്കുന്നതിന് 21-01-2013ലെ 12/2013 (2) പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വേതനം നൽകിവരുന്നുമുണ്ട് . 2016-17 സാമ്പത്തിക വർഷം 2016 മാർച്ച് മുതൽ 2016 ഡിസംബർ വരെയുള്ള കാലയളവിൽ തനത് ഫണ്ടിൽ നിന്ന് താഴെ കൊടുത്ത പ്രകാരം ദിവസവേതനം നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | മാസം | വൗച്ചർ നമ്പർ /തീയ്യതി | തുക |
|---|---|---|---|

| | | | ₹ |
|---|---|---|---|
| 1 | മാർച്ച് | 21600012 / 11-04-2016 | 4000 |
| 2 | ഏപ്രിൽ | 21600063 / 12-05-2016 | 6000 |
| 3 | മെയ് | 21600116/ 14-06-2017 | 6000 |
| 4 | ജൂൺ | 21600169 / 01-07-2016 | 6000 |
| 5 | ജൂലൈ | 21600242 / 01-08-2016 | 6000 |
| 6 | ആഗസ്റ്റ് | 21600315 / 05-09-2016 | 6000 |
| 7 | സപ്തംബർ | 21600411 / 05-10-2016 | 6000 |
| 8 | ഒക്ടോബർ | 21600478 / 03-11-2016 | 6000 |
| 9 | നവംബർ | 21600526 / 03-12-2016 | 6000 |
| 10 | ഡിസംബർ | 21600669 / 05-01-2017 | 6000` |
| | | | 58000 |

ഓഡിറ്റ് എൻക്വയറിക്കുള്ള (നം 32 /26-08-2017) മറുപടിയിൽ ഭരണസമിതി തീരുമാന പ്രകാരം പഞ്ചായത്ത് ഓഫീസ് കോപ്ലക്സിൽ തന്നെ പ്രവർത്തിക്കുന്ന ഗവ: ഹോമിയോ ഉൾപ്പെടെയുള്ള ഭാഗങ്ങൾ വൃത്തിയാക്കുന്നതിനായി നിയമിച്ച കാഷ്വൽ സ്വീപ്പർക്ക് പ്രസ്തുത തീരുമാന പ്രകാരം തുടർച്ചയായി വേതനം നൽകിവരുന്നതാണ് എന്നാണ് അറിയിച്ചത്. ഗവ: ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-3 ഓണം മുൻകൂർ -തുക തിരിച്ചടക്കാത്തത് സംബന്ധിച്ച്.

വൗച്ചർ നം 21600320 തീയതി 6.9.16 പ്രകാരം ശ്രീ .സുജിത് .പി.ടി (അക്കൗണ്ടന്റ്) ന് ₹ 15,000 രൂപ ഓണം അഡ്വാൻസ് അനുവദിച്ചിരുന്നു . ടിയാൻ 6,000 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട് . കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ചു പോയതിനാലാണ് തുടർന്ന് ഈടാക്കാത്തതെന്നാണ് വിശദീകരിച്ചത്. മുൻകൂർ തുക യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുക ഒടുക്കിയതിന്റെ വിവരം രസിത് സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് .₹ 6,000 തടസ്സപ്പെടുത്തുന്നു.

## 3-4 തെങ്ങ് കൃഷി വികസനം --അധികം നൽകിയ സബ്സിഡി ₹31250 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 15/17

പ്രോജക്റ്റിന്റെ പേര് : തെങ്ങ് കൃഷി വികസനം

അടങ്കൽ : ₹625000 വികസനഫണ്ട്

ചെലവ് : ₹625000 ( ബിൽ നം : 5/16-17 dt. 31-03-2017 )

കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വയ്ക്കുന്നതിനാണ് മേൽ പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത് . ഇതുപ്രകാരം 340 പേർക്ക് 1000 തെങ്ങുകൾ മുറിച്ചുമാറ്റിയതിന് ഒന്നിന് ₹500പ്രകാരം ₹5,00,000 യും 1000തൈകൾ വാങ്ങുന്നതിന് ₹125000 യും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റിന് ആവശ്യമായ 1000തൈകൾ ഒന്നിന് ₹125 പ്രകാരം ഉർവര ഗാഡൻസ് കോങ്ങാറ്റ ,കോട്ടയം പൊയിൽ പി.ഒ., എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത് (കേഷ് ബിൽ നം 411 തീയ്യതി 23.03.2017 ).

<u>പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.</u>

1. ജി.ഒ (എം.എസ്)4/2016/ത.സ്വ.ഭ.വ 11-01-16 അനുബന്ധം 15 ഖണ്ഡിക 3. 1. 4 പ്രകാരം ഫല – പുഷ്പ – വാഴ- കിഴങ്ങ് , ഔഷധസസ്യ കൃഷിക്കുള്ള വിത്തുകളും തൈകളും എന്നിവയ്ക്കുള്ള സബ്സിഡി 75% (ഒരു കർഷകന് പരമാവധി ₹2500) ആണ്. കൂടാതെ സ.ഉ (സാധാ) നം. 593 /2017 ത.സ്വ.ഭ.വ . തീയ്യതി 03-03-2017 പ്രകാരം എല്ലാത്തരം നടീൽ വസ്തുക്കൾക്കും (തൈകൾ ,വിത്തുകൾ തുടങ്ങിയ ) 100 ശതമാനം സബ്സിഡി നൽകാവുന്നതാണ് എന്നും കശുമാവ് ഒഴിച്ചുള്ള ഫലവൃക്ഷതൈകൾക്കും (ഉദാ. തെങ്ങ് ,മാവ്, ജാതി ) അലങ്കാര ചെടികൾക്കും ഇത് ബാധകമല്ല എന്നുമുള്ള സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കാതെ തൈകൾക്ക് 100 ശതമാനം സബ്സിഡി നൽകിയിട്ടുണ്ട്. അതായത് ഉർവര ഗാഡൻസിൽ നിന്ന് ഒരു തൈക്ക് ₹125 പ്രകാരം 1000തൈകൾക്ക് ₹1,25,000 വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിന് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല.

2. തൈകൾ വാങ്ങിക്കുന്ന വിഷയം പ്രോക്യൂർമെന്റ് കമ്മിററിയിൽ വന്നിട്ടില്ല. 17-02-2017ലെ 12/2017 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

3. തെങ്ങ് മുറിച്ചുമാറ്റി പകരം തെങ്ങിൻ തൈകൾ വെച്ചതായുള്ള മോണിറ്ററിംഗ് റിപ്പോർട്ട് . തെങ്ങ് മുറിച്ചുമാറ്റി എന്നുള്ളതിനുള്ള പരിശോധന റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-12-2016 ലെ സ.ഉ.(സാധാ) 3495/16 ഉത്തരവു പ്രകാരം ജനകീയാസൂത്രണ പദ്ധതിയിൽ പച്ചക്കറി വിത്തുകൾക്കും നടീൽ വസ്തുക്കൾക്കും 100 ശതമാനം നൽകാൻ ഉത്തരവായിട്ടുണ്ട് എന്നും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണ സമിതി P.R.No. 3/ 2017 9(3)06-01-2017 തീരുമാന പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നത് ഗുണഭോക്തൃവിഹിതം അടക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃവിഹിതം ഒഴിവാക്കി 100 % സബ്സിഡിയിൽ 1000 തൈകൾ തെങ്ങ് കൃഷി വികസനപദ്ധതി നടപ്പിലാക്കിയത് എന്നുമാണ്.

സ.ഉ (എം.എസ്) നം. 4/2016 ത.സ്വ.ഭ.വ. തീയ്യതി 11.1.2016-ലെ സർക്കാർ ഉത്തരവിനു വിരുദ്ധമായി സബ്സിഡി അനുവദിച്ചതിനാൽ ചെലവു തുകയുടെ 25% ആയ ₹31250 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഇടവിള കൃഷി വികസന പദ്ധതി -- വിത്തുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വിവരം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക ₹864000 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 17/17

പ്രോജക്ടിന്റെ പേര് : ഇടവിള കൃഷി വികസന പദ്ധതി

അടങ്കൽ : ₹864000 വികസനഫണ്ട്

ചെലവ് : ₹864000 ( ബിൽ നം : 3/16-17 dt. 17-03-2017 )

പ്രോജക്ട് പ്രകാരം 1080 പേർക്ക് ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ എന്നിവ ഉൾപ്പെട്ട സീഡ് കിറ്റുകൾ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത് . ഇതിനാവശ്യമായ 1080 സീഡ് കിറ്റുകൾ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കണ്ണൂർ ഡിവിഷൻ ഓഫീസിൽ നിന്നും ഇൻവോയ്സ് നം K-36/2016-17 dtd. 06-03-2017, K-37/2016-17 dtd. 06-03-2017 എന്നിവ പ്രകാരം വാങ്ങിയിട്ടുണ്ട്.

പദ്ധതി പ്രകാരം വാങ്ങിയ സീഡ് കിറ്റുകൾ വിതരണം ചെയ്ത ഗുണഭോക്താക്കളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം സീഡ് കിറ്റുകൾ വാർഡ് മെമ്പർമാർക്ക് നൽകി കൈപ്പറ്റ് വാങ്ങിയതായി കാണുന്നു. പദ്ധതി പ്രകാരം 100% സബ്സിഡിയോടു കൂടിയാണ് വിത്തുകൾ വിതരണം ചെയ്യുന്നത് ആയതിനാൽ യഥാർത്ഥ ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ട നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് നൽകാതെ വാർഡ് മെമ്പർമാർക്ക് വിത്തുകൾ നല്കിയത് ശരിയായ നടപടിക്രമമല്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള( നം 10/ -21-08-2017) മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ള പേരിന് സാമ്യമുള്ള വ്യക്തികൾ കൃഷിഭവനിൽ നേരിട്ട് വന്ന് കിറ്റുകൾ സ്വീകരിക്കുമ്പോൾ അവരെ തിരിച്ചറിയാൻ കൃഷി ഉദ്യോഗസ്ഥർക്ക് എല്ലായ്പ്പോഴും സാധിച്ചു എന്ന് വരില്ല എന്നും അങ്ങനെ ചില അപരനാമക്കാർ മുൻ കാലങ്ങളിൽ ആനുകൂല്യങ്ങൾ കൈപ്പറ്റിയതിനാൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിലാണ്കിറ്റുകൾ വിതരണം ചെയ്തത് എന്നും ഗുണഭോക്താക്കളുടെ കൈപ്പറ്റ് വാർഡ് മെമ്പർമാർ കൃഷി ഭവനിൽ സമർപ്പിച്ചിട്ടുണ്ട് എന്നുമാണ് വിശദീകരിച്ചിട്ടുള്ളത്.

എന്നാൽ യഥാർത്ഥ ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചു എന്നതിനുള്ള കൈപ്പറ്റ് , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹864000 തടസ്സപ്പെടുത്തുന്നു

## 3-6 വാഴക്കന്ന് വിതരണം --പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.

നിർവഹണ ഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 136/17

പ്രോജക്ടിന്റെ പേര് : വാഴക്കന്ന് വിതരണം

അടങ്കൽ : ₹360000 - വികസന ഫണ്ട്

ചെലവ് : ₹360000 (ബിൽ നം : 4/16-17 dt. 17-03-2017)

സൗജന്യമായി 1000 പേർക്ക് 20 വീതം വാഴക്കന്ന് വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. 17-02-2017 ലെ 12/2017 ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച ടെണ്ടറിന്റെ അടിസ്ഥാനത്തിൽ പൊയിലൂർ ജനതാ നഴ്സറി യിൽ നിന്നും ₹ 18 നിരക്കിൽ 20000 വാഴക്കന്ന് (കേഷ് ബിൽ നം. 427/ 08-03-2017) വാങ്ങുകയും വാഴക്കന്നിന്റെ വിലയായ ₹3,60,000 ഇന്ത്യൻ ബാങ്ക് മാഹി ശാഖയിലെ അക്കൗണ്ട് നം 723550511 ലേക്ക് മേൽ ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്. വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടില്ല. ഇവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ (വാർഡ് XII ഒഴികെ) കൈപ്പറ്റ് ഓഡിറ്റിനു ലഭ്യമാക്കുകയുണ്ടായി ഇതു പ്രകാരം മിക്ക വാർഡുകളിലും 20 വാഴക്കന്നുകൾ വീതമാണ് ഓരോരുത്തർക്കും നൽകിയിരിക്കുന്നത് . വാർഡ് Iൽ 16 പേർക്ക് 20 വീതവും 19 പേർക്ക് 25 വീതവും 3 പേർക്ക് 10 വീതവും 3 പേർക്ക് 50 വീതവും 2 പേർക്ക് 5 വീതവുമാണ് നൽകിയിരിക്കുന്നത് .വാർഡ് VIII ൽ 55പേർക്ക് 20 വീതവും 13 പേർക്ക് 10 വീതവും 3 ഗ്രൂപ്പുകൾക്ക് 200 വീതവും നൽകിയതായി കൈപ്പറ്റിൽ കാണുന്നു. എന്നാൽ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷിച്ചയാളുടെ ഒപ്പും വാഴക്കന്നുകൾ കൈപ്പറ്റിയവരുടെ ഒപ്പും വ്യത്യസ്തമാണെന്ന് കാണുന്നു. കൂടാതെ വാർഡ് VIII ലെ 55 പേരുടെ ലിസ്റ്റിൽ ഒപ്പുമില്ല. അപേക്ഷയിൽ നൽകിയ ഏതാനും ഫോൺ നമ്പറിലേക്ക് വിളിച്ചപ്പോൾ വാഴക്കന്നുകൾ ലഭിച്ചിട്ടില്ല എന്നും ചിലർക്ക് 10 എണ്ണം വീതം മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും ഗുണഭോക്താക്കൾ നേരിട്ട് അറിയിക്കുകയുണ്ടായി. കൂടാതെ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രകാരം വാർഡ് XV ൽ 55 ഗുണഭോക്താക്കളാണുള്ളത് എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ കൈപ്പറ്റ് പ്രകാരം 72 പേർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. ഇതിൽ നിന്നും യഥാർത്ഥ ഗുണഭോക്താക്കൾക്കല്ല ആനുകൂല്യം ലഭിച്ചത് എന്ന് വ്യക്തമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി നടപ്പിലാക്കുന്നതിന് കൃഷിഭവനിൽ ഉദ്യോഗസ്ഥരുടെ കുറവ് കാരണം വാഴക്കന്നുകൾ വാർഡ് മെമ്പർമാരുടെ സഹകരണത്തോടെ വാർഡ് തലത്തിൽ വിതരണം ചെയ്യുകയാണുണ്ടായത് എന്നും കന്നുകൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്.

കൃത്യമായ കൈപ്പറ്റിന്റെ അഭാവത്തിലും മറുപടി തൃപ്തികരമല്ലാത്തതിനാലും ചെലവ് തുക ₹360000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയം കൂടുതൽ അന്വേഷണത്തിനായി ഭരണസമിതിയുടെ പരിഗണനയ്ക്ക് വിടുന്നു.

## 3-7 മുട്ടക്കോഴിവിലയോടൊപ്പം നികുതിയുംകൂടി നൽകിയത് അംഗീകരിക്കുന്നില്ല, ₹ 78,300 നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ.

| | |
|---|---|
| പ്രൊജക്ട് | മുട്ടക്കോഴി വിതരണം |

| | |
|---|---|
| പ്രൊജക്റ്റ് നം | 155/17 |
| അടങ്കൽ 618300 | 4,00,000 (വികസന ഫണ്ട്)<br>50,000(തനത് ഫണ്ട്)<br>1,68,300 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് 618300 | 4,00,000 (ബിൽ നം 4/ 22.3.2107<br>50,000 ചെക്ക് നം 0678072 തീയതി 17.3.2017<br>1,68,300 ചെക്ക് നം 0678072 തീയതി 17.3.2017 |

900 ഗുണഭോക്താൾക്ക് 6 കോഴികളെ വീതം ആകെ 5400 കോഴികളെ @ 114.5 (100+14.5% നികുതി) ലഭ്യമാക്കിയതിന് ₹ 6,18,300 തൃശ്ശൂർ ജില്ലയിലെ അംഗീകൃത എഗ്ഗർ നഴ്സറിയായ "ട്ടലൈൻഫാം " പൂവ്വഞ്ചിറ എന്ന സ്ഥാപനത്തിന് ചെലവഴിച്ചിട്ടുണ്ട് . കോഴിവിലയോടൊപ്പം നികുതി കൂടി കണക്കാക്കി സ്ഥാപനത്തിന് നൽകിയത് അനുവദനീയമല്ല. യഥാർത്ഥത്തിൽ സ്ഥാപനത്തിന് നൽകേണ്ടിയിരുന്ന വില @₹ 100 /കോഴി മാത്രമാണ്. ( 100 x 5,400 = ₹ 5,40,000 ) അധികം നൽകിയ തുക 78,300 സ്ഥാപനത്തിൽ നിന്നോ ഉത്തരവാദപ്പെട്ടവരിൽ നിന്നോ ഈടാക്കേണ്ടതും, ഇതിൽ നിന്നും ₹ 45,000 സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും, ഗുണഭോക്തൃ വിഹിതം 33,300 (₹37 ഗുണഭോക്താവ്) ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതുമാണ്.

## 3-8 റിംഗ് കമ്പോസ്റ്റ്- ലഭിക്കാത്ത എണ്ണത്തിനും കൂടി തുക നൽകിയത്

നിർവ്വഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| | |
|---|---|
| പ്രൊജക്റ്റ് | റിംഗ് കമ്പോസ്റ്റ് നിർമ്മാണം |
| പ്രൊജക്റ്റ് നം | 138/17 |
| അടങ്കൽ | 75,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>50,000 (ഗുണഭോക്തൃ വിഹിതം-സ്ഥാപനത്തിൽ ഒടുക്കേണ്ടത്)<br>3,75,000 (ശുചിത്വമിഷൻ)<br>------------------<br>5,00,000<br>--------------------- |
| ചെലവ് | 75,000 (ബിൽ നം 5 / തീയതി 30.3.2017)<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>-----------------<br>75,000<br>-------------- |

റിംഗ് കമ്പോസ്റ്റ് നിർമ്മാണ പദ്ധതിയിൽ ശ്രീ.കെ.എ.സെബാസ്റ്റ്യൻ, ഹരിത റിംഗ് കമ്പോസ്റ്റ്, ആലക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 200 റിംഗ് കമ്പോസ്റ്റ് വാങ്ങിച്ചതിന് @ 2500 പ്രകാരം ആകെ 5,00,000 കാഷ് ബിൽ സമർപ്പിച്ചിട്ടുണ്ട് . ടിയാന് 75,000 നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് വേണ്ടി 180 ഗുണഭോക്താക്കൾ മാത്രമാണ്ഗുണഭോക്തൃവിഹിതം അടച്ചിട്ടുള്ളത്. 180 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് നൽകിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതായി ഗുണഭോക്താക്കൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാക്കിയുള്ള 20 റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ലഭിക്കാത്തതും, വിതരണം ചെയ്യാത്തതുമായ 20 റിംഗ് കമ്പോസ്റ്റിന്റെ വില 7500 രൂപ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 ഗാർഹിക ബയോഗ്യാസ് പ്ലാന്റിന് അനുവദനീയമായ സബ്സിഡിയിൽ അധികം നൽകിയത്- ക്രമീകരിക്കേണ്ടത്

നിർവ്വഹണം- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| | |
|---|---|
| പ്രൊജക്ട് | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് |
| പ്രൊജക്ട് നം | 25/17 |
| അടങ്കൽ | 1,87,500 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>3,75,000 (ശുചിത്വമിഷൻ)<br>2,25,000 ( ഗുണഭോക്തൃ വിഹിതം-സ്ഥാപനത്തിൽ ഒടുക്കേണ്ടത്)<br>-------------------<br>7,87,500<br>---------------------- |
| ചെലവ് | 1,87,500 (ബിൽ നം 4 / തീയതി 30.3.2017)(ധനകാര്യകമ്മീഷൻ ഗ്രാന്റ്)<br>------------------<br>1,87,500<br>-------------- |

